(ഇ) കഴിയും

(എഫ്) ഉദിക്കുന്നില്ല.

(ജി) അപേക്ഷകൾ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(എച്ച്) പുനഃപരിശോധന ആവശ്യമില്ല.

(ഐ) വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തേണ്ടതുണ്ട്.†

പ്ലസ്ടു കോഴ്സുകൾ ആരംഭിക്കാൻ നടപടി

33 (3673) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 വർഷത്തിൽ പ്ലസ്ടു കോഴ്സുകൾ ആരംഭിക്കുന്നതിനു വേണ്ടി പിറവം ഫാത്തിമ മാതാ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിന്റെയും മുളന്തുരുത്തിയിലെ പെരുമ്പള്ളി ഹെയിൽമേരി ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിന്റെയും കൂത്താട്ടുകുളം ബാപ്പുജി ഇംഗ്ലീഷ്മീഡിയം ഹൈസ്കൂളിന്റെയും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ സ്ഥാപനങ്ങൾക്ക് പ്ലസ്ടു കോഴ്സ് കൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

പ്ലസ്ടു അനുവദിച്ചിട്ടുള്ള സ്കൂളുകളിലെ ലൈബ്രറി സൗകര്യം

34 (3674) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. എം. കെ. മുനീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. മൊയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ്ടു അനുവദിച്ചിട്ടുള്ള സ്കൂളുകളിൽ ലൈബ്രറി സൗകര്യം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) പ്ലസ്ടു സ്ക്കൂളുകളിലെ ലൈബ്രറികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഈ സ്കൂളുകളിലെ ലൈബ്രറികളിൽ ലൈബ്രറി സയൻസിൽ ബിരുദാനന്തര ബിരുദമുള്ളവരെ നിയമിക്കണമെന്ന് നിഷ്കർഷിക്കുമോ ;

---

†അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly